## പതിമൂന്നാം കേരള നിയമസഭ - ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1894 | 17/12/2012 - ൽ മറുപടിക്ക്

## മത്സ്യ തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ സെൽവരാജ്:<br>" വി.റ്റി. ബൽറാം:<br>" വി. ഡി. സതീശൻ:<br>" വർക്കല കഹാർ: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ആണെന്ന് വിശദമാക്കുമോ; | (എ) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അനുയോജ്യമായ പാർപ്പിടസൗകര്യം ലഭ്യമാക്കുവാൻ സാമ്പത്തിക സഹായം നൽകുക എന്നതാണ് ഭവന നിർമ്മാണ പദ്ധതിയുടെ ഉദ്ദേശ്യം. |
| (ബി) മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതിയിൽ ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) സ്വന്തമായി 2 സെന്റ് ഭൂമിയുള്ളതും മത്സ്യത്തൊഴിലാളി ക്ഷേമ ബോർഡിൽ അംഗത്വമുള്ളതും കുടുംബമായി താമസിക്കുന്നവരുമായ മത്സ്യത്തൊഴിലാളികൾക്ക് എൻ.എഫ്.ഡബ്ല്യു.എഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നു. എൻ.എഫ്.ഡബ്ല്യു.എഫ് ഹൗസിംഗ് സ്കീം പ്രകാരം ഭവന നിർമ്മാണത്തിനായി 50,000 രൂപയാണ് സാമ്പത്തിക സഹായം നൽകിയിരുന്നത്. പ്രസ്തുത ധനസഹായം 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുകയും നടപ്പിലാക്കുകയും ചെയ്തു വരുന്നു. 2012-13 വർഷം 800 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനായി |

14 കോടി രൂപ ഈ പദ്ധതിക്കായി ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലുടനീളമുള്ള 11 മത്സ്യഗ്രാമങ്ങളിലായി വീടൊന്നിന് 2.5 ലക്ഷം രൂപ വീതം 3124 വീടുകൾ നിർമ്മിക്കുന്ന പദ്ധതി ത്വരിതഗതിയിൽ പുരോഗമിച്ച് വരുന്നു. ഭവന നിർമ്മാണത്തിനുള്ള പ്ലാനിന്റെ സ്കെച്ച് (6 വിധത്തിലുള്ളത്) അതാതു ജില്ലാ ഓഫീസുകളിൽ ലഭ്യമാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര വീടുകൾ നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(സി) 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം മാതൃകാ മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി തിരഞ്ഞെടുത്ത 11 മത്സ്യഗ്രാമങ്ങളിൽ നിന്നായി വീടൊന്നിന് 2.5 ലക്ഷം രൂപ വീതം 3124 വീടുകൾ നിർമ്മിക്കുവാനും, ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷം വീടൊന്നിന് 2 ലക്ഷം രൂപ വീതം 800 വീടുകൾക്ക് ധനസഹായം നൽകാനുമാണ് ഉദ്ദേശിക്കുന്നത്.

(ഡി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

(ഡി) (1) 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം മാതൃകാ മത്സ്യഗ്രാമങ്ങൾ നിർമ്മിക്കുന്ന പദ്ധതിക്കായി 78.1 കോടി രൂപ കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുണ്ട്.

(2) 2012-13 വർഷം ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവന നിർമ്മാണ പദ്ധതി പ്രകാരം 800 ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുവാനുള്ള ധനസഹായം നൽകുന്നതിനായി വീടൊന്നിന് 2 ലക്ഷം രൂപ വീതം നൽകുന്ന പദ്ധതി ത്വരിതഗതിയിൽ

പുരോഗമിക്കുന്നു. സർക്കാർ 14 കോടി രൂപ ഈ പദ്ധതിക്കായി നൽകിയിട്ടുണ്ട്. 2 ലക്ഷം രൂപ താഴെ പറയും പ്രകാരമാണ് സ്വരൂപിക്കുന്നത്.

1. കേന്ദ്ര സർക്കാർ വിഹിതം - 25,000 രൂപ.
2. സംസ്ഥാന വിഹിതം - 1,75,000 രൂപ.

സെക്ഷൻ ഓഫീസർ